**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3154** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഹിൽ ഹൈവേയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മാതൃക പദ്ധതികളിലൊന്നായ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന 1166 കി. മീ ദൈർഘ്യമുള്ള മലയോര ഹൈവേക്ക് Go(Rt)No942/2017/PWD തീയതി 10/07/2017 പ്രകാരം 3500 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നൽകി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 793.68 കി.മി ആണ് കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടപ്പിലാക്കുന്നത്. കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിൽ റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽ നിന്ന് ലഭ്യമാക്കി DBM & BC നിലവാരത്തിൽ ഡിസൈൻ റോഡ് നിർമ്മിക്കുന്നതിനാണ് മലയോര ഹൈവേ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കെ.ആർ.എഫ്.ബി - പി.എം.യു-വിന്റെ കീഴിൽ 488.63 കി മീ റോഡിന് സാങ്കേതികാനുമതി നൽകി, ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ 297.595 കി മീ പ്രവൃത്തി പുരോഗമിക്കുന്നു. 149.175 കി.മീ റോഡിന്റെ പ്രവൃത്തി ഇതുവരെ പൂർത്തിയായി. ബാക്കിയുള്ള 305.05കി. മീ റോഡിന് സാമ്പത്തികാനുമതി നൽകി സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു. മലയോര ഹൈവേ പ്രവൃത്തികൾക്കായി ഇതുവരെ 3505 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇതിൽ 1288 കോടി രൂപ പ്രവൃത്തികൾക്കായി ചിലവഴിച്ചിട്ടുമുണ്ട്. |
| (ബി) | ഹിൽ ഹൈവേയുടെ പ്രവൃത്തി പൂർത്തീകരണത്തിൽ നിലവിൽ ആവശ്യത്തിന് വീതി ലഭിക്കാത്ത പ്രദേശങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ; | (ബി) | മലയോര ഹൈവേയുടെ വികസനത്തിന് നിലവിൽ ആവശ്യത്തിന് വീതി ലഭിക്കാത്ത സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1. തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം - 800 മീറ്റർ പുറമ്പോക്ക് ഭൂമി. |

| | | | |
|---|---|---|---|
| | | | 2. കോട്ടയം ജില്ലയിലെ പ്ലാച്ചേരി കരിങ്കല്ലുമൂഴി - 5.75 കി മീ. - വനഭൂമി ലഭ്യമാകേണ്ടതുണ്ട്.<br><br>3. എറണാകുളം ജില്ല - 81.124 കി.മീ- ഫ്രീ സറണ്ടർ ആയി ഭൂമി വിട്ടു നൽകുവാൻ ജനങ്ങൾ തയ്യാറല്ലാത്തതിനാൽ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. 19.30 കി മീ. വനഭൂമിയും ലഭ്യമാകേണ്ടതുണ്ട്.<br><br>4. തൃശ്ശൂർ ജില്ലയിലെ വെള്ളിക്കുളങ്ങര - വെറ്റിലപ്പാറ പാലം സ്ട്രെച്ചും വിളങ്ങന്നൂർ- വെള്ളിക്കുളങ്ങര സ്ട്രെച്ചും 16.99 കി മീ. വനഭൂമി ലഭ്യമാകേണ്ടതുണ്ട്. ഇത് കൂടാതെ പല സ്ഥലങ്ങളിലും ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാകണം.<br><br>5. കോഴിക്കോട് ജില്ലയിലെ ചുങ്കക്കുട്ടി - പൂതംപാറ പാലം സ്ട്രെച്ചിൽ 2.76 കി മീ. വനഭൂമി ലഭ്യമാകേണ്ടതുണ്ട്. ഇത് കൂടാതെ കാവിലംപാറ പഞ്ചായത്തിലൂടെ മലയോര ഹൈവെ കടന്നുപോകുന്ന സ്ഥലങ്ങളിൽ ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാകണം.<br><br>6. വയനാട് ജില്ലയിലെ കുഞ്ഞോം - നിറവിൽപുഴ – ചുങ്കക്കുട്ടി സ്ട്രെച്ചിൽ 0.88 കി മീ. വനഭൂമി ലഭ്യമാകേണ്ടതുണ്ട്.<br><br>7. കണ്ണൂർ ജില്ലയിലെ അമ്പായത്തോട്- ബോയ്സ് ടൗൺ സ്ട്രെച്ചിൽ 1.62 കി മീ. വനഭൂമി ലഭ്യമാകേണ്ടതുണ്ട്.<br><br>8. കാസർകോട് ജില്ലയിലെ കോളിച്ചാൽ - ഇടപ്പറമ്പ സ്ട്രെച്ചിൽ 3.61 കി മീ. വനഭൂമി ലഭ്യമാകേണ്ടതുണ്ട്. |
| (സി) | ഹിൽ ഹൈവേ യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ ഗതാഗത മേഖലയിലും വ്യവസായിക, ടൂറിസം മേഖലകളിലും ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | (സി) | കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ പൂർത്തിയാകുന്നതോടെ കേരളത്തിലെ ഏറ്റവും നീളം കൂടിയ ഹൈവേയാകും. 14 ജില്ലകളിൽ ആലപ്പുഴ ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലൂടെ ഈ ഹൈവേ കടന്നുപോകും. കേരളത്തിലെ മലയോര മേഖലകൾക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണ് മലയോര ഹൈവേ. ഇത് ടൂറിസം വർധിപ്പിക്കാനും, കണക്ടിവിറ്റിയും ഗതാഗതവും മെച്ചപ്പെടുത്താനും, മലയോര മേഖലകളിൽ നിന്നുള്ള കർഷകർക്ക് എളുപ്പമുള്ള വിപണി പ്രവേശനം, ദുരന്തസമയത്ത് ദുരിതാശ്വാസ നടപടികൾ തുടങ്ങിയവയ്ക്കും സഹായകമാകും. ഈ പദ്ധതി യാഥാർഥ്യമാകുന്നതോടെ ഹൈറേഞ്ച് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇത് നൽകുന്ന നേട്ടങ്ങളും മൂല്യവും വളരെ വലുതാണ്. |

സെക്ഷൻ ഓഫീസർ